പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3452

21.12.2012 - ൽ മറുപടിക്ക്

## വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത്: | ശ്രീ. കെ.പി . മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| എ) വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) "വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം എന്ന പേരിൽ 100% കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് ഒരു പദ്ധതി തുടർന്നുവരുന്നുണ്ട്. ഇതിൽ ഉൾപ്പെടുത്തിയാണ് വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ്ബോർഡ് 5 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) വെച്ചൂർ പശുക്കളിൽ നിന്നും ലഭിക്കുന്ന പാൽ, ചാണകം മുതലായവയ്ക്ക് മറ്റു പശുക്കളിൽ നിന്നും ലഭിക്കുന്നവയിന്മേലുള്ള ഗുണമേന്മ എന്തൊക്കെയെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) കേരളാ വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>വെച്ചൂർ പശുക്കളിൽ നിന്നും ലഭിക്കുന്ന പാലിൽ കൊഴുപ്പിന്റെ കണികകളുടെ വലിപ്പം സങ്കരവർഗ്ഗം പശുക്കളിൽ ഉള്ളതിനേക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വെച്ചൂർ പശുക്കളുടെ പാലിൽ മറ്റ് നാടൻ പശുക്കളിലെപോലെ മാംസ്യത്തിന്റെ കാര്യത്തിൽ "എ2" ഘടകം കൂടുതലായി അടങ്ങിയിട്ടുണ്ട്. ചാണകത്തിന്റെ ഗുണമേന്മയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടില്ല. |

(സി) സംസ്ഥാനത്താകെയുള്ള വെച്ചൂർ പശുക്കളുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ?

(സി) 2007-ലെ കന്നുകാലി സെൻസസ് അനുസരിച്ച് കേരളത്തിൽ ആകെ 160 വെച്ചൂർ പശുക്കളാണുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെയുള്ള വെച്ചൂർ പശുക്കളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ലയുടെ പേര് | വെച്ചൂർ പശുക്കളുടെഎണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 0 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 15 |
| 6. | ഇടുക്കി | 0 |
| 7. | എറണാകുളം | 0 |
| 8. | തൃശ്ശൂർ | 140 |
| 9. | പാലക്കാട് | 0 |
| 10. | മലപ്പുറം | 0 |
| 11. | കോഴിക്കോട് | 0 |
| 12. | വയനാട് | 0 |
| 13. | കണ്ണൂർ | 0 |
| 14. | കാസർഗോഡ് | 0 |

2012 - ലെ കന്നുകാലി സെൻസസിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിവരങ്ങൾ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ